## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -മുനിസിപ്പൽ കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൻ എന്നിവരുടെ കണ്ടിജന്റ് ചെലവിന്റെ പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ. (എം.എസ്.) നം. 47/12/തസ്വഭവ          തിരുവനന്തപുരം, തീയതി, 25/02/2012.

===================================================================

പരാമർശം:- 1) 22/3/99 -ലെ ജി.ഒ(എം.എസ്) നം 58/99/തസ്വഭവ നമ്പർ ഉത്തരവ്
2) അധികാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ 4/3/2011 -ലെ 458/10/CCD നമ്പർ കുറിപ്പ്

**ഉത്തരവ്**

മുൻസിപ്പൽ കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവർക്ക് ചിലവാക്കാവുന്ന കണ്ടിജന്റ് ചെലവിന്റെ പരിധി നിശ്ചയിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുടെ കണ്ടിജന്റ് ചെലവിന്റെ പരിധി തുക പുതുക്കി നിശ്ചയിക്കുന്നതിന് അധികാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റി സൂചന രണ്ടിലെ കുറിപ്പ് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ കവിയാൻ പാടില്ലെന്ന നിബന്ധനയ്ക്ക് വിധേയമായി സംസ്ഥാനത്തെ കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർമാൻ എന്നിവരുടെ കണ്ടിജന്റ് ചെലവുകൾ താഴെ പറയുന്ന പട്ടിക പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ അപ്രകാരമുള്ള കണ്ടിജന്റ് ചെലവിനങ്ങൾ 1-ാം പരാമർശത്തിലെ ഉത്തരവിൽ പറയുന്ന ഓഫീസ് കാര്യങ്ങൾക്കു വേണ്ടിയുള്ളതായിരിക്കുകയും വേണം.

| നം. | പദവി | ഒരു സമയം ചെലവാക്കാവുന്ന പരമാവധി തുക (തുക രൂപയിൽ) | പ്രതിമാസ പരിധി |
|---|---|---|---|
| 1. | കോർപ്പറേഷൻ മേയർ | 25,000/- | 30,000/- |
| 2. | മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ഗ്രേഡ് - I | 15,000/- | 20,000/- |
| 3. | മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ഗ്രേഡ് - II, III | 10,000/- | 15,000/- |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ് ജമുന,
അഡീഷണൽ സെക്രട്ടറി.

എല്ലാ കോർപ്പറേഷൻ മേയർ/സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
മുനിസിപ്പൽ ചെയർപേഴ്സൺ/സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, തിരുവനന്തപുരം
മുനിസിപ്പൽ ഭരണ ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പാങ്ങപ്പാറ, തിരുവനന്തപുരം (ത.സ്വ.ഭ.വ ഔദ്യോഗിക വെബ്സൈറ്റിൽ
പ്രസിദ്ധപ്പെടുത്തുന്നതിന്)
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്ഷനുകൾക്ക്.
വ്യവസായവും, ഐറ്റിയും, നഗരകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്
എല്ലാ മുനിസിപ്പൽ ഭരണ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (മുനിസിപ്പൽ
ഭരണ ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ